
എഴുത്തോല
അറിവിന്റെ കിത്താബ്


JUNIOR RED CROSS
GGHSS PAYYANUR


6.SRI. K.ABDULLA MASTER MEMORIAL
7.SRI. P.K.PADMANABHAN NAIR MEMORIAL
8.SMT. VENGAYIL NARAYANI AMMA_
MEMORIAL
9.SRI. V.P.KRISHNA PODUVAL ENDOWMENT
SRI.M.K.NAIR MEMORIAL ENDOWMENT
14. G.S.T.U. ENDOWMENT
15. P.T.A. ENDOWMENT

## അറിയാമോ ?

ആദ്യകണക്കു കൂട്ടൽ യന്ത്രം കണ്ടുപിടിച്ചത് ?

**പാസ്കൽ**

ആദ്യത്തെ ഗണിത അധ്യാപിക ?

**ഹിപ്പേഷ്യ**

ആദ്യ ഗണിതശാസ്ത്രചരിത്രം തയ്യാറാക്കിയത് ?

**യൂഡേമസ്**

സംഖ്യകളെ ആണും പെണ്ണുമായി തിരിച്ചത് ?

**പൈതഗോറസ്**

ക്ഷേത്രഗണിതത്തിൽ നിഗമനരീതി അവതരിപ്പിച്ചത് ?

**ഥേൽസ്**

ബൈബിൽ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ അച്ചടിച്ചത് ?

**എലമെന്റ്സ്**

നഗരവീഥിയിലൂടെ നഗ്നനായി ഓടിയത് ?


**ആർക്കെമിഡീസ്**

ആര്യഭടീയത്തിന്റെ കർത്താവ് ?

**ആര്യഭടൻ**

ഗണിതശാസ്ത്രത്തിന്റെ രാജകുമാരന്റെ ?

**ഗൗസ്**




കണക്കുകൂട്ടുന്നതിനു സഹായികമായവിധത്തിൽ ചരടിൽ മുത്തുകൾ കോർത്തുണ്ടാക്കിയ ഉപകരണമാണ് അബാക്കസ്. 'അബാക്കസ് ' എന്ന ഗ്രീക്ക വാക്കിൽ നിന്നാണ് അബാക്കസ് ഉണ്ടായത്. ഈജിപ്ത്, ഗ്രീസ്, ചൈന, ഇന്ത്യ, ജപ്പാൻ തുടങ്ങിയ പല രാജ്യങ്ങൾക്കും അവരുടെതായ രീതിയിൽ വികസിപ്പിച്ച അബാക്കസുകളുണ്ടായിരുന്നു. കുട്ടികളിൽ ഗണിതശാസ്ത്രത്തോടുള്ള താൽപര്യം വളർത്തുന്നതിനും ഗണിതക്രിയകൾ ചെയ്യുന്നതിനുള്ള വേഗം കൂട്ടുന്നതിനും അബാക്കസ് സഹായിക്കുന്നു. അബാക്കസി ഉപയോഗിച്ചുള്ള ഗണിതശാസ്ത്രപഠനത്തിൽ ആശയവിനിമയത്തിനും മനക്കണക്കിനും ഊന്നൽ നൽകുന്നതിനാൽ ഭാഷാപരവും യുക്തിപരവുമായ കഴിവുകൾ കുട്ടികളിൽ വളരുന്നതായി പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

## 99 നെ ഡോക്ടറുടെ സംഖ്യ എന്നു പറയുന്നതെന്തുകൊണ്ട്



ഒരു ഡോക്ടർ സംബന്ധിച്ചിടുത്തോളം 99 ന് വളരെയധികം പ്രാധാന്യമുണ്ട്. ഒരു രോഗിയുടെ ഹൃദയമിടിപ്പ് പരിശോധിക്കുമ്പോൾ ഡോക്ടർ രോഗിയുടെ 99 എന്ന ആവർത്തിച്ച പറയാൻ ആവശ്യപ്പെടും. രോഗിയുടെ ശ്വാസകോശത്തെ ന്യൂമോണിയ ബാധിച്ചിട്ടുണ്ടെങ്കിൽ ഈ ഉച്ചാരണത്തിന്റെ പ്രതിധ്വനി ഏറിയതായി കാണാം. ന്യൂമോണിയ തിരിച്ചറിയാൻ ഡോക്ടറെ സഹായിക്കുന്ന സംഖ്യയാണ് 99.

# ★ഏകാകി......




ചിതറി തെറിച്ചൊരു സ്വപ്നമായ്
ചിതകാല സ്മരണയായി
ചില നേരങ്ങളിൽ നീ ഓടിയെത്തും
ചിന്തകളിലേക്ക് .....

അകലെയേതോ നിശീഥിനിയിൽ നീയും
നീ തന്ന നിലാവിന്റെ നീല
സ്വപ്നങ്ങൾക്ക ആത്മാവിൻചിറകടികൾ
ഏകി, ഏകാന്തതയുടെ പ്രണയിനിയായി
ഞാനും.....

എൻ നെറ്റിയിലെ സീമന്തരേഖയേക്കാൾ
ഈ താലിയേക്കാൾ, എന്നേക്കാൾ
പ്രണയം നിനക്ക് അവളോടായിരുന്നു ;
ഭാരതത്തോടായിരുന്നു....
ത്രിവർണപതാകയോടായിരുന്നു...

ജൻമഭൂമി തൻ രക്ഷക്കായി
നീ അതിർത്തിയിൽ...

# FRIENDSHIP TAUGHT

Walking with a friend in the dark is better than walking alone in the light.

Friendship is not something you learn in School it you haven't learned the meaning of friendship ,you really haven't learned anything.

A friend is someone who can see the truth and pain in you even you are tooling everyone.

Great friend are
Hard to kind ,
Clitticult to leave
Impossible to forgot

A friend is some one who knows all about you and still love you.

# LIFE

The whole life is a journey
Faces to come up and go away
going with someone
going away from someone
Memories to hold up
And memories to face down
Life is a series of following expressions
At some movement of the journey
There is a deep whole
Once we face it
The journey is finished
The life is finished
..........It is death
Everything ends there.........
Forever and forever ..........


# സ്നേഹം

സ്നേഹമോ ഭ്രമിതൻ രക്ഷകൻ
സ്നേഹമോ സൂര്യപ്രകാശം
പൂവിൽ നിറയുന്ന തേൻതുള്ളിയായ്
കാർമേഘങ്ങൾ പൊഴിക്കുന്ന മഴയായ്
എൻ അമ്മേ നീ ...

ഏവർക്കും ആശ്വാസം നീ
ഏതിനും ആശ്രയം നീ
കാറ്റിന്റെ മധുരമാം ശബ്ദമായ്
അലയായ് ഉണരുന്നു നിൻ സ്നേഹം
ജനനി നീയൊരു വെൺകണ്ണീർതുള്ളി
പോൽ ഇറ്റ്ഇറ്റ് വീണിടുന്നു...

# MY GIFT

Mother is the gift for me
Mother is the gift for all children
She shows right to see the world
Our first world is mother
She is the way to love
And give security to me
When the earth become dark
She is a bloomed flower
Our first world and first gift



# ഇടവമാസത്തിന്റെ തേങ്ങൽ

ഇടവമാസത്തിന്റെ തേങ്ങൽ. സ്ട്രീറ്റ് ലൈറ്റുകൾ തെളിയാൻ തുടങ്ങുന്നനേരം. സന്ധ്യാനാമകീർത്തനങ്ങൾ മഴയെക്കാൾ ഇരമ്പിനിൽക്കുമ്പോൾ, അടച്ചുപൂട്ടിയ പീടികത്തിണ്ണയുടെ വരാന്തയ്ക്കരികിൽ ഒരാൾക്കൂട്ടം കണ്ടാണ് ഞാൻ അങ്ങോട്ട് പോകുന്നത്. ആബാലവൃദ്ധം ജനങ്ങൾക്കിടയിൽ പെരുമഴയത്ത് ഒരു കാഴ്ചക്കാരനെപ്പോലെ ഞാനും നോക്കിനിന്നു. " ഭ്രാന്തി....ഭ്രാന്തി..." മഴയ്ക്കൊപ്പം താളം പിടിച്ചുനിന്ന ഈ ആരവത്തിന്റെ ഈരടികൾ ആ നഗരത്തെമൊത്തം ഉണർത്താൻ പോന്നതായിരുന്നു.

പിഞ്ഞിക്കീറിയ അഴക്കുപുരണ്ട വസ്ത്രങ്ങളാൽ വേദന മറച്ച് ആ സ്ത്രീ പീടികയുടെ മാറിൽ ചേർന്നു നിന്നു. അകറ്റാൻ ശ്രമിക്കുന്ന കൈകളിലേക്ക് ഉറ്റുനോക്കിയിരുന്ന അവരുടെ കണ്ണുകളിലേക്ക് നോക്കിയപ്പോൾ ഞാൻ തിരിച്ചറിഞ്ഞു ആ കണ്ണുകളിലെ കരിപുരണ്ട ദിനങ്ങൾ. നരകയറിയ മുടിയിഴകൾ ഇടവമാസത്തിന്റെ കണ്ണീരിൽ നനയുന്ന കാഴ്ച മൊബൈൽ ഫോണിൽ ഒപ്പിയെടുക്കാൻ തടിച്ചുകൂടിയ ജനാലവലിയോടാക്രോശിച്ച് പോലീസും രംഗത്തെത്തി. "നിങ്ങൾക്കുമില്ലേടാ അമ്മയും പെങ്ങളും" അവരെ താങ്ങിപ്പിടിച്ച് നിർത്തുമ്പോൾ അതിലൊരാൾ ചോദിച്ചു. അവരുടെ ചോദ്യങ്ങൾക്കു മുന്നിൽ ഉത്തരമില്ലാതെ പതറിയ കൈകൾ പിൻവലിച്ചു.

രാത്രി തന്നെ അവരെ വൃദ്ധസദനത്തിലേക്കു മാറ്റി. എല്ലാവരും മാറിമാറി ചോദിച്ചിട്ടും അവരുടെ നാക്കിൽനിന്നൊരക്ഷരമുതിർന്നില്ല. കണ്ണിൽ നിന്ന് ഒരു തുള്ളി കണ്ണീരും പൊടിഞ്ഞില്ല. ആകാശത്തിന്റെ അനന്തതയിലേക്ക് ഉറ്റുനോക്കുന്ന അവരുടെ കണ്ണുകൾ പറയുന്നുണ്ടായിരുന്നു കയ്പേറിയ അനുഭവങ്ങൾ. ചുക്കിച്ചുളിഞ്ഞുവ്രണങ്ങൾ വന്ന കൈകൾ കാട്ടിതരുന്നുണ്ടായിരുന്നു, മക്കളുപേക്ഷിച്ചുപോയ ഒരു വൃദ്ധയുടെ ദൈനത. അറ്റുപോയ കണ്ണികൾ കൂട്ടിച്ചേർക്കുന്നതിനിടയിൽ അവർക്കേൽക്കേണ്ടി വന്ന കൊടിയ പീഡനങ്ങൾ. ഒടുവിൽ അനാഥത്വത്തിന്റെ തീച്ചൂളയിലേക്ക് സ്വയമെടുത്തുചാടി എരിഞ്ഞടങ്ങിയ കഥ. അനാഥത്വം വിവശയാക്കിയ വാർധക്യത്തെ വിശ്രമിക്കുനനുവദിച്ച് പുറത്തിറങ്ങിയപ്പോ ഴും അവരെക്കുറിച്ചറിയുനുള്ള ആകാംക്ഷ എന്നിൽ കൂടിക്കൂടി വന്നു. ഒടുവിൽ വലിയൊരു നിലവിളിശബ്ദം കേട്ടാണ് ഞാൻ വീണ്ടും അങ്ങോട്ട് ഓടിച്ചെന്നത്. അറിയാത്ത ആകാശത്തേക്കു നോക്കുകയായിരുന്നു വീണ്ടും ആ കണ്ണുകൾ. പക്ഷെ നിശ്ചലമായ ആ ദേഹം ഇരിക്കുകയായിരുന്നില്ല. ഒരിക്കലും ഉണരാൻ കഴിയാത്തൊരു നിദ്ര ആസ്വദിക്കുകയായിരുന്നു.

അതെങ്കിലും അവർ ആസ്വദിച്ചോട്ടെ. ഇതുവരെ ലഭിക്കാത്ത മനസ്സുഖം അവർക്ക് ഇനിയെങ്കിലും ലഭിക്കട്ടെ... അവർ ഇനിയുണരേണ്ട. അതാണ് സുഖം നിറഞ്ഞ ലോകം. അതു മാത്രം....

അപ്പോഴും തുടർന്നുകൊണ്ടിരുന്നു. ഇടവമാസത്തിന്റെ തേങ്ങൽ.

# മണ്ണ് ചതിച്ചു

പൊട്ടിപ്പൊളിഞ്ഞ ചുമരുകൾ
അടർന്നുവീണ ജനലുകൾ
നഷ്ടബന്ധത്തിന് കമ്പിപ്പാളികൾ
ചുടുചോരചുവപ്പായ മണ്ണിൽ പാളികൾ...
അറിയില്ലെനിക്കിനിയെവിടെ എൻ വാസം..?
അറിയുന്നു ഞാനാ മണ്ണിൽലതുടിപ്പ്....
ഒടുവിലാ മാവിൻ ചുവട്ടിലെ പൊടിമണ്ണിൽ
ബാല്യകാലങ്ങൾ ഓർത്തുമയങ്ങുമ്പോൾ...
എവിടെയാണാ ബാല്യകാലം...?
എവിടെയാണാ സ്നേഹബന്ധം...?
ഒരു ദരിദ്രനാമെന്നെ എനിയാർക്കുവേണം...
എവിടെനിന്നോ അതോ ഒരു പറ്റം ആളുകൾ...
ഞെട്ടിത്തരിച്ചെൻ മയക്കം...
എവിടെനിന്നോ അതാ കോട്ടും സൂട്ടു ധരിച്ചാൽ
വരുന്നു...ഇതെന്റെ മണ്ണെന്ന പേരിൽ...
വിട്ടുകൊടുത്തില്ല... മുറുകെപിടിച്ചെൻ മണ്ണ്...
തട്ടിത്തെറിപ്പിച്ച് അവരെന്നെ മാറ്റി,
സ്ഥലം കൈക്കലാക്കി...
അറിയില്ല എനിയെന്റെ മണ്ണെവിടെ?
ഇപ്പോൾ മനസ്സിലായി...
മണ്ണും ചതിച്ചു എന്നെ.....







# Thank you!